## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.144 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഹൈ-ടെക് രീതിയിലുള്ള പൊതുശൗചാലയങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.സി.ജോർജ്ജ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കേരളത്തെ നൂറ് ശതമാനം വെളിയിട വിസർജനമുക്തമായ സംസ്ഥാനമാക്കുന്നതിലേക്കായി വിവിധ വഴിയോരങ്ങളിൽ പൊതു ശൗചാലയങ്ങളുടെ ആവശ്യകത, പ്രാധാന്യം എന്നിവ കണക്കിലെടുത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഹൈടെക് രീതിയിൽ പൊതുശൗചാലയങ്ങൾ നിർമ്മിച്ച് ഉടൻ പ്രവർത്തനം ആരംഭിയ്ക്കുവാൻ നടപടികൾ സ്വീകരിയ്ക്കുമോ; | (എ) | ഹൈടെക് രീതിയിലുള്ള പൊതു ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയില്ല. എന്നാൽ 2017-18 ൽ പൊതു ശൗചാലയങ്ങൾ നിർമ്മിക്കുവാനുള്ള പ്രോജക്ടുകൾ നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവ അവരുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം നിർമ്മിയ്ക്കുന്ന പൊതു ശൗചാലയങ്ങളിൽ പുരുഷന്മാർ, വനിതകൾ, കുട്ടികൾ, അംഗപരിമിതർ എന്നിവർക്ക് പ്രത്യേകം സൗകര്യമൊരുക്കാൻ നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കുമോ; | (ബി) | പൊതുശൗചാലയങ്ങളിൽ പുരുഷൻമാർ, വനിതകൾ, കുട്ടികൾ, അംഗപരിമിതർ എന്നിവർക്ക് പ്രത്യേകം സൗകര്യം ഉറപ്പാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പൊതുശൗചാലയങ്ങൾ വൃത്തിയായി ഉപയോഗിയ്ക്കുന്നതിനും പരിപാലിക്കുന്നതിനും ജനങ്ങളുടെ വ്യക്തിഗത ശ്രദ്ധയുണ്ടാകുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ? | (സി) | പൊതുശൗചാലയങ്ങൾ വൃത്തിയായി ഉപയോഗിയ്ക്കുന്നതിനും പരിപാലിക്കുന്നതിനും ജനങ്ങളുടെ വ്യക്തിഗത ശ്രദ്ധയുണ്ടാകുന്നതിനായി പ്രത്യേകം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ